LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ നടപടി

10 [1111] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനമായ തിരുവനന്തപുരത്ത് ഐ.ഐ.ടി., ഐ.ഐ.എം. പോലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇതുവരെ സ്ഥാപിക്കാൻ കഴിയാത്തതിനാൽ നിലവിലുള്ള ഐ.ഐ.എം.-ന്റെ ഏതെങ്കിലും കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഐ.ഐ.എം.-ന്റെ കൂടുതൽ ക്യാമ്പുകൾ തുടങ്ങാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ മേൽ നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ തയ്യാറാവുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന്റെ ചെലവ്

11 [1112] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ നടന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിന് എന്ത് തുകയാണ് ആകെ ചെലവ് പ്രതീക്ഷിച്ചത് ;

(ബി) യഥാർത്ഥത്തിൽ ചെലവിട്ട തുക എത്രയാണ് ;

(സി) ഈ സംഗമത്തിന്റെ ചെലവിലേക്കായി സംസ്ഥാന സർക്കാരിൽ നിന്നല്ലാതെ മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്താരാഷ്ട്ര വിദ്യാഭ്യാസ സംഗമത്തിന് സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മൊത്തം ചെലവ് കണക്കാക്കി വരുന്നു.

(സി) ഇല്ല

ഇന്റർനാഷണൽ എഡ്യൂക്കേഷൻ മീറ്റിന്റെ നേട്ടങ്ങൾ

12 [1113] ശ്രീ. ടി. എം. ജേക്കബ് :

" ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ നടന്ന ഇന്റർനാഷണൽ എഡ്യൂക്കേഷൻ മീറ്റിന്റെ ഫലമായി കേരളത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി ;